**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2387** **02-08-2021 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ-കുറ്റിപ്പുറം റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ തൃശ്ശൂർ ജില്ലയിൽപ്പെട്ട 33 കിലോമീറ്റർ ദൂരം റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 218.45 കോടി രൂപ അനുവദിച്ച് നവീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത റോഡിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള പ്രദേശത്തെ അനധികൃത കൈയ്യേറ്റം ഒഴിവാക്കി നിലവിലുള്ള റോഡിന്റെ വീതി കൂട്ടി നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി KfW ജർമ്മൻ ബാങ്കിന്റെ ധനസഹായത്തോടെയാണ് തൃശ്ശൂർ -കുറ്റിപ്പുറം പാതയുടെ നവീകരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റവ് പദ്ധതി പ്രകാരം ഭൂമി ഏറ്റെടുത്ത് പ്രവൃത്തി നടത്തുന്നതിന് സാധിക്കുകയില്ല. മുണ്ടൂർ - പുറ്റേക്കര റോഡ് പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തുന്ന ജോലികൾക്ക് വേണ്ടി തൃശ്ശൂർ ജില്ലാകളക്ടർ സർവ്വെയർമാരെ നിയോഗിച്ചിരുന്നു. ആയതു പ്രകാരം തൃശ്ശൂർ താലൂക്ക്, അഞ്ഞൂർ വില്ലേജിലെ മുണ്ടൂർ മുതൽ പുറ്റേക്കര സിഗ്നൽ വരെയുള്ള 2 കി.മീ. റോഡ് സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോടതി വ്യവഹാരം നില നിൽക്കുന്നത് ഒഴികെയുള്ള പുറമ്പോക്ക് കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. ടി ഭാഗത്തെ റോഡ് നാലുവരിയാക്കുന്നതിനായി ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് 50 ലക്ഷം രൂപ contingencies ഇനത്തിൽ ലാന്റ് അക്വിസിഷൻ കാര്യാലയത്തിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. |
| (ബി) | 1961-ലെ ലാന്റ് അക്വസിഷൻ നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത മുണ്ടൂർ സെന്റർ മുതൽ പുറ്റേക്കര വരെയുള്ള റോഡിന്റെ പുറമ്പോക്ക് കൈയ്യേറ്റം കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും അതുവഴി റോഡ് വീതി കൂട്ടി നാലുവരിപ്പാതയാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | 1961-ലെ ലാന്റ് അക്വിസിഷൻ നിയമപ്രകാരം അക്വിസിഷൻ നടന്നിട്ടുള്ള തൃശ്ശൂർ താലൂക്ക്, അഞ്ഞൂർ വില്ലേജിലെ 446, 447, 448, 450, 535 & 678 എന്നീ പഴയ സർവ്വെ നമ്പരുകളിൽപ്പെട്ട ഭൂമിയെ സംബന്ധിച്ച് ബഹു. തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ (OS 469/13 നമ്പർ കേസ്) വ്യവഹാരം നിലനിൽക്കുന്നതിനാൽ പ്രസ്തുത സ്ഥലത്ത് സർവ്വെ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത നിയമപ്രകാരം അളന്ന് തിട്ടപ്പെടുത്തി മുണ്ടൂർ-പുറ്റേക്കര പ്രദേശത്തെ കയ്യേറ്റഭൂമികൾ കണ്ടെത്തണമെന്നുകാണിച്ച് സൂപ്രണ്ടിംഗ് എൻജിനീയർ സർക്കാരിന് ഇ5-2191/2019 | (സി) | പ്രസ്തുത കത്ത് പൊതുമരാമത്ത് വകുപ്പിൽ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | നമ്പറായി 23.09.2019 തീയതിയിൽ അയച്ച കത്തിന്മേൽ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ